ഭരണഭാഷ - മാതൃഭാഷ

WEBSITE: www.keralapsc.gov.in
E-MAIL: jsestt.psc@kerala.gov.in
Telephone :0471-2546250/224

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നമ്പർ. എസ്റ്റാ. I അഡീ. (1) 307/2004/ഗ.വി. തിരുവനന്തപുരം

തീയതി : 10.10.2023

## ക്വട്ടേഷൻ നോട്ടീസ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ തിരുവനന്തപുരം പട്ടത്തെ ആസ്ഥാന ആഫീസ് കോമ്പൗണ്ടിലെ വിവിധ ഫലവൃക്ഷങ്ങളിൽ നിന്നും 01.12.2023 മുതൽ 30.11.2024 വരെ ഒരു വർഷത്തേക്ക് ആദായം എടുക്കുന്നതിനുള്ള അവകാശം നൽകുന്നതിനായി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

**നിബന്ധനകൾ**:-

1. ക്വട്ടേഷനിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് പ്രവൃത്തി ദിവസങ്ങളിൽ ആഫീസ് വളപ്പിലെ ഫലവൃക്ഷങ്ങൾ നേരിൽ കാണാവുന്നതാണ്.

2. മുദ്രവച്ച ക്വട്ടേഷനുകൾ 'സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം' എന്ന വിലാസത്തിൽ **20.11.2023 ഉച്ചയ്ക്ക് 1.00 മണിക്കകം** ഈ ആഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

3. നിരതദ്രവ്യമായ 1000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് തിരുവനന്തപുരത്ത് മാറാവുന്ന വിധം സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം' എന്ന പേരിൽ ക്വട്ടേഷനോടൊപ്പം അയയ്ക്കേണ്ടതാണ്.

4. ഡിമാന്റ് ഡ്രാഫ്റ്റ് ഇല്ലാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

5. ക്വട്ടേഷൻ ഉൾക്കൊള്ളുന്ന കവറിനു മുകളിൽ **'ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം എടുക്കുന്നതിനുള്ള ക്വട്ടേഷൻ'** എന്ന് പ്രത്യേകം എഴുതിയിരിക്കണം.

6. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

7. **20.11.2023, 3.00 pm**-ന് ക്വട്ടേഷനുകൾ തുറക്കുന്നതും കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിക്ക് ക്വട്ടേഷൻ ഉറപ്പിക്കുന്നതുമാണ്. മറ്റുള്ളവർക്ക് നിരതദ്രവ്യമായ **1000/- രൂപയുടെ** ഡിമാന്റ് ഡ്രാഫ്റ്റ് മടക്കി നൽകുന്നതാണ്.

8. അംഗീകരിക്കപ്പെട്ട ക്വട്ടേഷൻ സമർപ്പിച്ച വ്യക്തി നിരതദ്രവ്യം കഴിച്ച് ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള **ബാക്കി തുക ഈ ആഫീസിൽ 25.11.2023-നു മുമ്പ് അടച്ച് രസീത് വാങ്ങേണ്ടതാണ്.**

9. കേരള പബ്ലിക് സർവീസ് കമ്മീഷൻ ആഫീസിലെ സ്ഥിര ജീവനക്കാർ ക്വട്ടേഷൻ നടപടികളിൽ പങ്കെടുക്കാൻ പാടില്ല.

10. ക്വട്ടേഷൻ സ്ഥിരപ്പെടുത്താനോ റദ്ദാക്കുവാനോ ഉള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതും സെക്രട്ടറിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

11. ലേലം കൊള്ളുന്നവർ ലേല നിബന്ധനകൾ പാലിക്കാത്തപക്ഷം നിരതദ്രവ്യം മടക്കി നൽകുന്നതല്ല.

12. ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന ദിവസമായ **20.11.2023** ഏതെങ്കിലും കാരണത്താൽ അവധിയാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയം അവസാന തീയതിയായി കണക്കാക്കുന്നതായിരിക്കും.

13. ഓഫീസ് കോമ്പൗണ്ടിലെ ഫലവൃക്ഷങ്ങളിൽ നിന്നും ആദായം എടുക്കുന്നതിനോടൊപ്പം കോമ്പൗണ്ട് വൃത്തിയായി നിലനിർത്തുന്നതിനുവേണ്ടി എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

14. കൂടുതൽ വിവരങ്ങൾക്ക് 0471-2546250 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

ഒപ്പ്/-

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

പകർപ്പ് :-

1) പി.ആർ. യൂണിറ്റ്
2) എൻക്വയറി
3) നോട്ടീസ് ബോർഡ്
4) സാർജന്റ്
5) വെബ്സൈറ്റ്
6) സ്റ്റോക്ക് ഫയൽ